

**1-ാം നൂറ്റാണ്ടിലേക്ക്**

**1 പാഠങ്ങൾ**

ുവാൽ നോവാ ഹരാരി

ഹാമാരികളും യുദ്ധങ്ങളും
ാലാവസ്ഥാവ്യതിയാനങ്ങളും
കരാക്രമണങ്ങളും നമ്മെ
ീഴ്പ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കെ,
ന്തായിരിക്കും മനുഷ്യരാശിയുടെ
ാവി? നാം നിർമ്മിച്ച ഈ ലോകത്തെ
ൂർണ്ണമായും മനസ്സിലാക്കാൻ
മുക്ക് സാധിച്ചിട്ടുണ്ടോ?

ർത്തമാനകാലം നേരിടുന്ന മുഖ്യ
പതിസന്ധികളിലൂടെ രോമാഞ്ചഭരി
മൊയൊരു യാത്രയ്ക്കായി വായന
ക്കാരെ ക്ഷണിക്കുകയാണ് യുവാൽ
നോവാ ഹരാരി.

*കോവിഡ്-19 മാനവരാശിയെ ഭീതിയുടെയും
ആശങ്കയുടെയും മുൾമുനയിൽ നിർത്തുന്ന
ഈ കാലത്ത് ലോകം മുഴുവൻ കാതോർ
ക്കുന്ന യുവാൽ നോവാ ഹരാരി നമ്മുടെ
ഭാവിയെക്കുറിച്ച് നൽകുന്ന മുന്നറിയിപ്പുകൾ*

വിവർത്തനം: ഡെന്നി തോമസ്

DCB ഡി സി ബുക്സ്
www.dcbooks.com

സാമൂഹ്യശാസ്ത്രം

കവർ ഡിസൈൻ
ഡി സി ഡിസൈൻ
സ്റ്റുഡിയോ

ISBN 978-93-5390-419-7
00006

₹ 499
E-book Available

Cover painting from the series *We Share Our Chemistry with the Stars*, Marc Quinn, oil on canvas. © & courtesy Marc Quinn studio

യുവാൽ നോവാ ഹരാരി • 21-ാം നൂറ്റാണ്ടിലേക്ക്
21 പാഠങ്ങൾ

DCB

#1 INTERNATIONAL BESTSELLER

# യുവാൽ നോവാ ഹരാരി

6-ാം പതിപ്പ്



# 21–ാം നൂറ്റാണ്ടിലേക്ക്

# 21 പാഠങ്ങൾ

Malayalam Translation of
International Bestseller *21 Lessons for the 21st Century*

DCB

## യുവാൽ നോവാ ഹരാരി

പ്രശസ്തനായ ഇസ്രയേലി ചരിത്രകാരൻ. 1976-ൽ ജനിച്ചു. 1993 മുതൽ
1998 വരെ ജെറുസലേമിലെ ഹീബ്രു യൂണിവേഴ്സിറ്റിയിൽ മധ്യകാല ലോക
ചരിത്രത്തിലും സൈനികചരിത്രത്തിലും ശ്രദ്ധയൂന്നിക്കൊണ്ട് പഠനങ്ങൾ
നടത്തി. 2002-ൽ ഓക്സ്ഫഡിലെ ജീസസ് കോളേജിൽനിന്നും D.Phil
കരസ്ഥമാക്കി. ഇപ്പോൾ ജെറുസലേമിലെ ഹീബ്രു യൂണിവേഴ്സിറ്റിയിൽ
ചരിത്രവിഭാഗത്തിൽ പ്രൊഫസർ.

## ഡെന്നി തോമസ്

ആലപ്പുഴ ജില്ലയിലെ തുറവൂരിൽ തോമസ് ചാക്കോയുടെയും എൻ.ജെ.
എലിസ ബത്തിന്റെയും മകൻ. തുറവൂർ വളമംഗലം SCSHSS, ആലപ്പുഴ
ജവഹർ നവോദയ വിദ്യാലയം എന്നിവിടങ്ങളിൽനിന്നായി സ്കൂൾ വിദ്യാ
ഭ്യാസം. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽനിന്നും ചങ്ങനാശ്ശേരി
SB കോളേജിൽനിന്നുമായി ഫിസിക്സിൽ ബിരുദവും ബിരുദാനന്തരബിരു
ദവും. രണ്ടു വർഷത്തോളം ഫെഡറൽ ബാങ്കിൽ ഉദ്യോഗത്തിനുശേഷം
ഓസ്ട്രേലിയയിലെ സ്വിൻബേൺ യൂണിവേഴ്സിറ്റിയിൽനിന്നും ഇന്റർനാ
ഷണൽ ബിസിനസ്സിൽ ബിരുദാനന്തരബിരുദം നേടി. അതേ യൂണിവേഴ്സി
റ്റിയിലെ ഓസ്ട്രേലിയൻ ഗ്രാജുവേറ്റ് സ്കൂൾ ഓഫ് എന്റർപ്രെന്യൂർഷിപ്പിൽ
നിന്നും ഇന്നോവേഷനിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. ഇപ്പോൾ മെൽബ
ണിലെ ലാ ട്രോബ് യൂണിവേഴ്സിറ്റിയിലെ ലാ ട്രോബ് ബിസിനസ്സ് സ്കൂളിൽ
എന്റർപ്രെന്യൂർഷിപ്, ഇന്നോവേഷൻ വിഷയങ്ങൾ പഠിപ്പിക്കുന്നു.

### യുവാൽ നോവാ ഹരാരിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ഹോമോ ദിയൂസ്: മനുഷ്യഭാവിയുടെ ഒരു ഹ്രസ്വചരിത്രം, 21-ാം നൂറ്റാണ്ടിലേക്ക്
21 പാഠങ്ങൾ

യുവാൽ നോവാ ഹരാരിയുടെ കൃതികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# 21-ാം നൂറ്റാണ്ടിലേക്ക് 21 പാഠങ്ങൾ

## യുവാൽ നോവാ ഹരാരി

വിവർത്തനം
**ഡെന്നി തോമസ്**

DCB
**ഡി സി ബുക്സ്**

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
21 Lessons for the 21st Century
SOCIAL SCIENCE
*by* Yuval Noah Harari
MALAYALAM TITLE
Irupathiyonnām Noottāndilekku Irupathiyonnu Pādangal
*Translated by* Denny Thomas

Rights Reserved
Copyright ©2018 by Yuval Noah Harari
Malayalam translation copyright © 2019 by DC Books

First Published May 2020
This edition – January 2024
P-ISBN: 978-93-5390-419-7
E-ISBN: 978-93-5390-420-3

Distributors : D C Books-Current Books, INDIA
Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Harari, Yuval Noah.
Irupathiyonnam noottandilekku irupathiyonnu padangal/ Yuval Noah Harari;
424 p., 21 cm.
ISBN 978-93-5390-419-7.
Malayalam translation of '21 Lessons for the 21st Century'
1. Social Science I. Title-1 II. Title-2 III. Denny Thomas.
300-dc 22.

*The views and opinions expressed in this book are the author's own and the facts are as reported by him, and the publishers are not in any way liable for the same.*

FSC www.fsc.org FSC® A000509 The mark of responsible forestry
*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1475/23-24-Sl.No. 25962-dcb 7435-(06) 1000 -1125-01-24-hn 60 -T2-e as- d (t) py

## പ്രസാധകക്കുറിപ്പ്

ലോകത്തെ ആകമാനം ആക്രമിക്കുന്ന ഒരു കുഞ്ഞുവൈറസ് ലോകഗതിയെത്തന്നെ മാറ്റിമറിക്കുന്ന മനുഷ്യചരിത്രത്തിലെ അപൂർവസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ് മനുഷ്യകുലം. കൊറോണയെന്നും കോവിഡ്-19 എന്നും അറിയപ്പെടുന്ന ഈ മഹാമാരി മനുഷ്യബന്ധങ്ങളെത്തന്നെ മാറ്റിത്തീർത്തു. അന്യന്റെ ഉമിനീർ ഒരു ശത്രുവായിത്തീർന്ന് അത് സാമൂഹ്യബന്ധങ്ങളെ അടിമുടി ഉലച്ചുകളഞ്ഞു. ലോകത്തെ ഭൂരിഭാഗം പ്രദേശങ്ങളും ലോക്ഡൗണിലായി. മനുഷ്യർ അവരവരുടെ അഭയസങ്കേതങ്ങളിൽ ഒളിച്ചു. സാമൂഹ്യജീവിത സ്വഭാവമുള്ള ജീവിവർഗ്ഗങ്ങൾക്കിടയിൽ സാമൂഹികത കുറ്റകരമായിത്തീരുന്ന ഒരു അപൂർവ്വ ജനുസ്സായി മനുഷ്യർ മാറി. ജനാധിപത്യത്തെയും സാമൂഹികസമത്വത്തെയും കൂട്ടായ്മയെയും പ്രകീർത്തിക്കുന്ന ഉദാരജനാധിപത്യവാദികളായ അധികാരിവർഗ്ഗങ്ങൾപോലും ഭരണകൂടോപകരണങ്ങളെ ശക്തമാക്കി അവ ജനങ്ങൾക്കുനേരേ പ്രയോഗിച്ചുകൊണ്ട് അധികാരശക്തിയുടെ അപ്രമാദിത്വം ഒന്നുകൂടി ഉറപ്പിക്കുകയാണ്. വിലക്കുകൾ ശീലങ്ങളായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹികത നവസാമൂഹ്യമാധ്യമങ്ങളിലൂടെ മാത്രം അനുഭവിക്കേണ്ടുന്ന പ്രതീതി യാഥാർത്ഥ്യമായി മാറിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ ഒരു അവസ്ഥാവിശേഷത്തിൽ നിന്നുകൊണ്ടാണ് ഞങ്ങൾ യുവാൽ നോവാ ഹരാരിയുടെ ഏറ്റവും പുതിയ പുസ്തകത്തിന്റെ പരിഭാഷ പ്രസിദ്ധീകരിക്കുന്നത്. നമ്മുടെ ഇന്നത്തെ അവസ്ഥയെ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന ഈ കൃതി നവ സാധാരണ (New Normal) ക്രമത്തിന്റെ അജണ്ടകൾ എന്തെല്ലാമാകുമെന്ന് നമ്മളെ ചിന്തിപ്പിക്കാൻ പ്രാപ്തരാക്കുന്നു. സാപിയൻസിലൂടെ വാനരനിൽനിന്ന് മനുഷ്യൻ ഭൂമിയുടെ അധികാരികളാകുന്ന ഭൂതകാലചരിത്രവും 'ഹോമോ ദിയൂസി'ലൂടെ മനുഷ്യന്റെ വിദൂര ഭാവിചരിത്രവും രേഖപ്പെടുത്തിയ ഹരാരി ഈ പുസ്തകത്തിലൂടെ മനുഷ്യൻ ഇന്നു നേരിടുന്ന വെല്ലുവിളികളെ കൃത്യമായി അവതരിപ്പിക്കുകയാണ്. കോവിഡ് കാലത്തിന്റെ ഈ ഇടവേളയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഏറ്റവും പ്രസക്തമായ ആദ്യ പുസ്തകമായിരിക്കും ഇത്. നമ്മുടെ ചിന്തകളെ സൂക്ഷ്മവും സാമൂഹ്യോന്മുഖവുമാക്കാൻ ഈ പുസ്തകം സഹായിക്കുമെന്ന പ്രതീക്ഷയോടെ ഇത് മലയാളികൾക്കായി സമർപ്പിക്കുന്നു.

കോട്ടയം
15 മെയ് 2020

രവി ഡി സി

*എന്റെ ഭർത്താവ് ഇറ്റ്സിക്കിന്, അവന്റെ വിശ്വാസത്തിനും കഴിവിനും...*
*എന്റെ അമ്മ നീനയ്ക്ക്, കരുതലിനും സഹായത്തിനും...*
*എന്റെ മുത്തശ്ശി ഫാനിക്ക്, കെടുത്താനാവാത്ത നിസ്വാർത്ഥമായ സന്തോഷത്തിന്...*

## ആമുഖം

അപ്രസക്തമായ വിവരങ്ങളിൽ മൂടിക്കിടക്കുന്ന ഈ ലോകത്തിൽ വ്യക്തത എന്നതാണ് ശക്തി. സൈദ്ധാന്തികമായി ആർക്കുവേണമെങ്കിലും മനുഷ്യഭാവിയെക്കുറിച്ചുള്ള സംവാദങ്ങളിൽ പങ്കെടുക്കാമെങ്കിലും കൃത്യമായ ഒരു വീക്ഷണം നിലനിർത്തുക പ്രയാസമാണ്. മിക്കവാറും അങ്ങനെയൊരു സംവാദം നടക്കുന്നുണ്ടെന്നോ അതിലെ പ്രധാനപ്പെട്ട ചോദ്യങ്ങളെന്താണെന്നോപോലും നമ്മൾ ശ്രദ്ധിക്കാറില്ല. ഇതിലും അത്യാവശ്യമുള്ള കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്നതുകൊണ്ട് നമ്മളെപ്പോലെയുള്ള കോടിക്കണക്കിനാളുകൾക്ക് ഇതൊക്കെ അന്വേഷിച്ച് നടക്കാൻ സമയമില്ല. നമുക്ക് ജോലിക്ക് പോവുകയും കുട്ടികളെ നോക്കുകയും പ്രായമായ മാതാപിതാക്കളെ പരിചരിക്കുകയും ഒക്കെ വേണം. ദൗർഭാഗ്യവശാൽ ചരിത്രം നമുക്ക് ഇളവുകളൊന്നും തരുന്നില്ല. കുട്ടികൾക്ക് ഭക്ഷണം കൊടുക്കുകയും ഉടുപ്പിക്കുകയും ഒക്കെ ചെയ്യുന്ന തിരക്കിൽ കഴിയുന്ന നിങ്ങളുടെ അഭാവത്തിൽ മനുഷ്യവംശത്തിന്റെ ഭാവി തീരുമാനിക്കപ്പെട്ടാൽ, അതിന്റെ പ്രത്യാഘാതങ്ങളിൽനിന്ന് നിങ്ങൾക്ക് മാറിനിൽക്കാനാവില്ല. അത് നീതിയുക്തമല്ലായിരിക്കാം. പക്ഷേ, ചരിത്രം നീതിയുക്തമായിരുന്നെന്ന് ആരാണ് പറഞ്ഞത്?

ഒരു ചരിത്രകാരൻ എന്ന നിലയിൽ ആളുകൾക്ക് ഭക്ഷണവും വസ്ത്രവും നൽകാൻ എനിക്കാവില്ല. പക്ഷേ,എല്ലാവർക്കും അവസരം കിട്ടുന്ന തരത്തിൽ കാര്യങ്ങളെക്കുറിച്ച് കുറച്ച് വ്യക്തമായ ചിത്രം നൽകാൻ എനിക്ക് കഴിഞ്ഞേക്കും. ഇതുമൂലം കുറച്ച് ആളുകൾക്കുകൂടി നമ്മുടെ വംശത്തെക്കുറിച്ചുള്ള ഈ ചർച്ചയിൽ ചേരാൻ പ്രേരണ നൽകുന്നെങ്കിൽ ഞാൻ എന്റെ ജോലി ചെയ്തു എന്ന് കരുതാം.

എന്റെ ആദ്യത്തെ പുസ്തകം 'സാപിയൻസ്' മനുഷ്യചരിത്രത്തെ വിശകലനം ചെയ്ത്, നിസ്സാരനായ വാനരൻ എങ്ങനെയാണ് ഭൂമിയുടെ അധിപനായി മാറിയത് എന്ന് പരിശോധിച്ചു.

'ഹോമോ ദിയൂസ്' എന്ന എന്റെ രണ്ടാമത്തെ പുസ്തകം ജീവന്റെ വിദൂരകാലഭാവിയെക്കുറിച്ച് ആരായുകയും മനുഷ്യൻ എങ്ങനെ ദൈവങ്ങളായി മാറുമെന്നും, നമ്മുടെ ബുദ്ധിയുടെയും ബോധത്തിന്റെയും അന്തിമവിധി എന്തായിരിക്കാമെന്ന് ചിന്തിക്കുകയും ചെയ്തു.

ഈ പുസ്തകത്തിൽ ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഇവിടെ, ഇപ്പോഴത്തെ കാലത്തെയാണ്. എന്റെ ശ്രദ്ധാകേന്ദ്രം സമകാലീനസംഭവങ്ങളെക്കുറിച്ചും മനുഷ്യസമൂഹങ്ങളുടെ സമീപഭാവിയെക്കുറിച്ചു

മാണ്. ഇപ്പോഴെന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? വർത്തമാന
കാലത്തിലെ ഏറ്റവും വലിയ വെല്ലുവിളികളും തെരഞ്ഞെടുപ്പുകളും
എന്തൊക്കെയാണ്? ഏതു കാര്യങ്ങളിലാണ് നമ്മുടെ ശ്രദ്ധ പതിയേ
ണ്ടത്? നമ്മുടെ കുട്ടികളെ നാം എന്താണ് പഠിപ്പിക്കേണ്ടത്?

700 കോടി ജനങ്ങൾക്ക് തീർച്ചയായും 700 കോടി വീക്ഷണങ്ങളായി
രിക്കും. നേരത്തേ പറഞ്ഞതുപോലെ സാർവത്രികമായി കാര്യങ്ങളെ
നോക്കിക്കാണുകയെന്നത് ഏതാണ്ട് അപൂർവ്വമായ ആഡംബരംത
ന്നെയാണ്. മുംബൈയിലെ ഒരു ചേരിയിൽ അടുത്തനേരത്തേക്കുള്ള
ഭക്ഷണം എവിടെനിന്നാണ് കിട്ടുകയെന്നതിനെക്കുറിച്ച് ആശങ്കപ്പെട്ടു
കൊണ്ട് രണ്ടു കുട്ടികളെ ഒറ്റയ്ക്ക് വളർത്താൻ കഷ്ടപ്പെടുന്ന ഒരമ്മ; മെഡി
റ്ററേനിയൻ കടലിന്റെ നടുക്ക് ഒരു കരയുടെ അറ്റം കാണുന്നുണ്ടോ
എന്ന് സാകൂതം വീക്ഷിക്കുന്ന അഭയാർത്ഥികൾ; തിരക്കേറിയ ലണ്ടൻ
ആശുപത്രിയിൽ ഒരു ശ്വാസംകൂടി എടുക്കാനായി തന്റെ സർവ്വശക്തി
യും സംഭരിക്കുന്ന മരണക്കിടക്കയിലെ ഒരു മനുഷ്യൻ. ഇവർക്കൊക്കെ
ആഗോളതാപനത്തെക്കാളും പുരോഗമനജനാധിപത്യത്തിന്റെ പ്രതിസ
ന്ധികളെക്കാളുമൊക്കെ അടിയന്തരമായുള്ള പ്രശ്നങ്ങളുണ്ട്. അതി
നെയെല്ലാം പരിഹരിക്കാൻ പറ്റുന്ന പുസ്തകങ്ങളില്ല എന്നുമാത്രമല്ല,
അത്തരം സാഹചര്യങ്ങളിലുള്ളവരെ പഠിപ്പിക്കാൻ പറ്റിയ പാഠങ്ങൾ
എന്റെ കൈകളിലുമില്ല. അവരിൽനിന്ന് എന്തെങ്കിലും പഠിക്കാനാവും
എന്ന പ്രതീക്ഷ മാത്രമാണെനിക്കുള്ളത്.

ഇവിടത്തെ എന്റെ കാര്യപരിപാടി ആഗോളസംബന്ധിയാണ്. ലോക
മെമ്പാടുമായുള്ള സമൂഹത്തെ രൂപപ്പെടുത്തുകയും നമ്മുടെ ഭൂമി
യുടെ മുഴുവൻ ഭാവിയെയും സ്വാധീനിക്കാൻ സാധ്യതയുള്ളതുമായ
പ്രധാനപ്പെട്ട ശക്തികളെയാണ് ഞാൻ നോക്കിക്കാണുന്നത്. ജീവന്മ
രണപോരാട്ടത്തിന്റെ ഇടയിൽ നിൽക്കുന്ന ആളുകളെ സംബന്ധിച്ചി
ടത്തോളം കാലാവസ്ഥാവ്യതിയാനം അവരുടെ ഉത്കണ്ഠകളിൽപ്പെ
ടുന്ന ഒന്നല്ലായിരിക്കാം. പക്ഷേ, അത് ആത്യന്തികമായി മുംബൈയിലെ
ചേരികളെ ജനവാസത്തിന് അനുയോജ്യമല്ലാതാക്കുകയും വലിയ
ഒരുപറ്റം അഭയാർത്ഥികളെ മദ്ധ്യധരണ്യാഴിക്കു കുറുകേ അയയ്ക്കുക
യും ആരോഗ്യപരിപാലനരംഗത്ത് ലോകവ്യാപകമായി പ്രതിസന്ധികൾ
സൃഷ്ടിക്കുകയും ചെയ്യും.

യാഥാർത്ഥ്യം എന്നത് വിവിധങ്ങളായ ചിന്തനങ്ങൾ കൂടിക്കലർ
ന്നതാണ്. സമഗ്രമായ ഒന്നാണ് എന്ന് അവകാശപ്പെടാതെതന്നെ
നമ്മുടെ ലോകം നേരിട്ടേക്കാവുന്ന ആപത്തുകളുടെ വ്യത്യസ്ത വശ
ങ്ങൾ ഉൾക്കൊള്ളാനാണ് ഈ പുസ്തകം ശ്രമിക്കുന്നത്. 'സാപി
യൻസി'ൽനിന്നും 'ഹോമോ ദിയൂസി'ൽനിന്നും വ്യത്യസ്തമായി ഈ
പുസ്തകം ഒരു ചരിത്രാഖ്യാനമായിട്ടല്ല, മറിച്ച് തിരഞ്ഞെടുത്ത ഏതാ
നും പാഠങ്ങളുടെ സഞ്ചമായിട്ടാണ് ഒരുക്കിയിട്ടുള്ളത്. ഈ പാഠങ്ങൾ
അവസാനിക്കുന്നത് ലളിതമായ ഉത്തരങ്ങളോടെയല്ല. വായനക്കാരെ

കൂടുതൽ ആഴത്തിൽ ചിന്തിക്കാൻ പ്രേരണ നല്കാനും ഈ വർത്ത മാനകാലത്തെ പ്രധാനപ്പെട്ട സംഭാഷണങ്ങളിൽ ഭാഗഭാഗാക്കുന്നതിൽ അവരെ സഹായിക്കാനുമാണ് അവ ലക്ഷ്യമിടുന്നത്.

ഈ പുസ്തകം പൊതുസമൂഹത്തോട് സംവദിച്ചുകൊണ്ട് എഴു തിയതാണ്. വായനക്കാരും പത്രപ്രവർത്തകരും സഹപ്രവർത്തകരു മൊക്കെ എന്നോട് ചോദിച്ച ചോദ്യങ്ങൾക്കുള്ള മറുപടി എന്നനിലയി ലാണ് മിക്ക അദ്ധ്യായങ്ങളും രചിച്ചിട്ടുള്ളത്. ഇതിലെ ചില ഭാഗങ്ങ ളുടെ ആദ്യപതിപ്പുകൾ മറ്റുരൂപത്തിൽ നേരത്തേതന്നെ പ്രസിദ്ധീകരി ച്ചിട്ടുണ്ട്. പ്രതികരണങ്ങൾ അറിയാനും എന്റെ വാദഗതികളുടെ മൂർ ച്ചകൂട്ടാനും അതെന്നെ സഹായിച്ചിട്ടുണ്ട്. ചില ഭാഗങ്ങൾ സാങ്കേതി കതയെ കേന്ദ്രീകരിക്കുമ്പോൾ ചിലത് രാഷ്ട്രീയത്തെയും ചിലത് മത ത്തെയും ചിലത് കലയെയുംകുറിച്ച് പറയുന്നു. ചില അദ്ധ്യായങ്ങൾ മനുഷ്യരുടെ ജ്ഞാനത്തെ ആഘോഷിക്കുമ്പോൾ, മറ്റുചിലത് മനുഷ്യ രുടെ വിവേകശൂന്യതയെ പ്രതിപാദിക്കുന്നു. എന്നാൽ, ഇതിനെല്ലാമു പരിയായുള്ള ചോദ്യം മാറ്റമില്ലാതെതന്നെ നിലനിൽക്കുന്നു: ഇന്ന് ഈ ലോകത്തിന് എന്താണ് സംഭവിക്കുന്നത്? ഈ സംഭവങ്ങളുടെ ഗാഢ മായ അർത്ഥം എന്താണ്?

ഡൊണാൾഡ് ട്രംപിന്റെ ഉദയം എന്തിനെയാണ് സൂചിപ്പിക്കു ന്നത്? വ്യാജവാർത്തകളുടെ മഹാമാരിയെ നമുക്ക് എങ്ങനെ പ്രതി രോധിക്കാം? ലിബറൽ ജനാധിപത്യവ്യവസ്ഥ പ്രതിസന്ധിയിലാകു ന്നത് എന്തുകൊണ്ടാണ്? ദൈവം തിരികെ എത്തിയോ? ഒരു പുതിയ ലോകമഹായുദ്ധം ആസന്നമാണോ? ഏത് സംസ്കാരമാണ് ലോകത്തിൽ പ്രബലമായിരിക്കുന്നത്-പാശ്ചാത്യർ, ചൈന, ഇസ്ലാം? യൂറോപ്പ് തങ്ങളുടെ വാതിലുകൾ കുടിയേറ്റക്കാർക്കുവേണ്ടി ഇനി യും തുറന്നിടണോ? അസമത്വത്തിന്റെയും കാലാവസ്ഥാവ്യതിയാന ത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ദേശീയതയ്ക്ക് കഴിയുമോ? തീവ്രവാദത്തിനെതിരേ നമുക്ക് എന്തുചെയ്യാൻ കഴിയും?

ഈ പുസ്തകം ഒരു ആഗോളവീക്ഷണമാണ് കൈക്കൊള്ളുന്ന തെങ്കിലും, വ്യക്തിപരമായ തലത്തിലുള്ളവയെ ഞാൻ അവഗണിക്കു ന്നില്ല. നേരേ മറിച്ച്, നമ്മുടെ കാലഘട്ടത്തിലെ മഹത്തായ വിപ്ലവ ങ്ങളും വ്യക്തികളുടെ ആന്തരികജീവിതങ്ങളും തമ്മിലുള്ള ബന്ധ ത്തിന് ഊന്നൽ കൊടുക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഉദാഹര ണത്തിന്, തീവ്രവാദം ഒരേസമയം ഒരു ആഗോളരാഷ്ട്രീയപ്രശ്നവും ആന്തരികമായ മനഃശാസ്ത്രപ്രവർത്തനവുമാണ്. നമ്മുടെ മനസ്സിലെ ഭീതിയുടെ കേന്ദ്രങ്ങളെ ഉത്തേജിപ്പിച്ചും ദശലക്ഷക്കണക്കിന് ആളു കളുടെ സ്വകാര്യഭാവനകളെ തട്ടിയെടുത്തുമാണ് തീവ്രവാദം പ്രവർ ത്തിക്കുന്നത്. അതുപോലെതന്നെ, ലിബറൽ ജനാധിപത്യത്തിന്റെ പ്രതി സന്ധി നടമാടുന്നത് പാർലമെന്റിലോ, പോളിംഗ് ബൂത്തിലോ മാത്രമല്ല, നാഡീകോശങ്ങളിലും സിനാപ്സുകളിലുംകൂടെയാണ്. വ്യക്തിപരമാ യതാണ് രാഷ്ട്രീയമെന്നത് പറഞ്ഞുപഴകിയ പ്രയോഗമാണ്. എന്നാൽ

ശാസ്ത്രജ്ഞരും വൻകിടകമ്പനികളും ഭരണകൂടങ്ങളും മനുഷ്യമസ്തിഷ്കത്തിനുള്ളിലേക്ക് കടന്നുകയറാൻ പഠിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ സാമാന്യോക്തി എന്നത്തെക്കാളും കുടിലമാണ്. അതുകൊണ്ടുതന്നെ ഈ പുസ്തകം വ്യക്തികളുടെയും മുഴുവൻ സമൂഹത്തിന്റെയും ചര്യകളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്.

ഒരു ആഗോളലോകം നമ്മുടെ വ്യക്തിപരമായ പെരുമാറ്റത്തിന്മേലും ധാർമ്മികതയുടെമേലും മുമ്പുണ്ടായിട്ടില്ലാത്ത വിധത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. നമ്മളോരോരുത്തരും എല്ലാത്തിനെയും വലയം ചെയ്യുന്ന ചിലന്തിവലകളിൽ കുടുങ്ങിക്കിടക്കുകയാണ്. ഒരുവശത്ത് അത് നമ്മുടെ നീക്കങ്ങളെ തടസ്സപ്പെടുത്തുമ്പോൾ, മറുവശത്ത് അത് നമ്മുടെ ഏറ്റവും ചെറിയ അനക്കങ്ങൾപോലും അകലങ്ങളിലുള്ള ലക്ഷ്യസ്ഥാനങ്ങളിലേക്ക് അയയ്ക്കുന്നു. നമ്മുടെ ദിനചര്യകൾ ലോകത്തിന്റെ മറുഭാഗത്തുള്ള ആളുകളുടെയും ജീവികളുടെയും ജീവിതങ്ങളെ സ്വാധീനിക്കുന്നു. അറബ് വസന്തത്തിന് തിരികൊളുത്തിയ ടുണീഷ്യയിലെ മുഹമ്മദ് ബുഅസീസിയുടെ അഗ്നിയിലൊടുങ്ങിയ ആത്മാഹുതിപോലെ, തങ്ങളനുഭവിച്ച ലൈംഗികപീഡനങ്ങളുടെ കഥകൾ പങ്കുവയ്ക്കുകവഴി 'മീ ടൂ' എന്ന പ്രതിഷേധപരമ്പര ജ്വലിപ്പിച്ച സ്ത്രീകളെപ്പോലെ, ചില വ്യക്തിപരമായ പ്രവൃത്തികൾ അപ്രതീക്ഷിതമായ ലോകത്തെ മുഴുവൻ ആളിക്കത്തിക്കുന്നു.

നമ്മുടെ സ്വകാര്യജീവിതം ഇത്തരത്തിൽ ആഗോളമാനം കൈവരിക്കുന്നതോടെ നമ്മുടെ മതപരവും രാഷ്ട്രീയപരവുമായ പക്ഷപാതങ്ങളെയും വംശീയവും ലിംഗപരവുമായ സവിശേഷാധികാരങ്ങളെയും സുസ്ഥാപിതമായ അടിച്ചമർത്തലുകളിൽ നമ്മൾപോലും അറിയാതെയുള്ള നമ്മുടെ പങ്കുചേരലുകളെയും അനാവരണം ചെയ്യേണ്ടതിന് പ്രാധാന്യമേറുന്നു. പക്ഷേ, അത് യാഥാർഥ്യബോധമുള്ള ഒരു സംരംഭമാണോ? എന്റെ അതിരുകൾക്കപ്പുറത്തേക്ക് നീളുകയും മനുഷ്യനിയന്ത്രണങ്ങൾക്കപ്പുറത്തേക്ക് പായുകയും എല്ലാ ദൈവങ്ങളെയും ആശയസംഹിതകളെയും സംശയത്തിന്റെ നിഴലിലാക്കുകയും ചെയ്യുന്ന ഒരു ലോകത്തിൽ എനിക്കെങ്ങനെയാണ് ഉറച്ച ഒരു ധാർമ്മികനിലപാട് എടുക്കാൻ സാധിക്കുന്നത്?

ഈ പുസ്തകം തുടങ്ങുന്നത് സമകാലീനമായ നമ്മുടെ രാഷ്ട്രീയ സാങ്കേതിക വിഷമസന്ധികളെ പരിശോധിച്ചുകൊണ്ടാണ്. ഫാസിസവും കമ്മ്യൂണിസവും ലിബറലിസവും തമ്മിലുള്ള ആശയപരമായ പോരാട്ടത്തിൽ ലിബറലിസം വമ്പിച്ച വിജയം നേടിയതായാണ് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കാണപ്പെട്ടത്. ജനാധിപത്യരാഷ്ട്രീയം, മനുഷ്യാവകാശം, സ്വതന്ത്രവിപണിയിലധിഷ്ഠിതമായ മൂലധനവ്യവസ്ഥ എന്നിവയൊക്കെ മുഴുവൻ ലോകത്തെയും കീഴടക്കാൻ വിധിക്കപ്പെട്ടതാണെന്ന ധാരണ ഉടലെടുത്തു. എന്നാൽ, പതിവുപോലെതന്നെ ചരിത്രം പ്രതീക്ഷിക്കാത്ത വഴികളിലേക്ക് തിരിഞ്ഞു. ഫാസിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും തകർച്ചയ്ക്കുശേഷം ഇപ്പോൾ ലിബറലിസവും പ്രശ്നത്തിന്റെ വക്കിലാണ്. അപ്പോൾപ്പിന്നെ, നമ്മൾ എങ്ങോട്ടാണ് നീങ്ങുന്നത്?

ഇത് പ്രത്യേകിച്ചും നീറുന്ന ഒരു ചോദ്യമാണ്. കാരണം, വിവരസാങ്കേതികതയുടെയും ജൈവസാങ്കേതികതയുടെയും ഇരട്ടവിപ്ലവങ്ങൾ ഒരു വംശമെന്നനിലയിൽ നമ്മളൊരിക്കലും നേരിട്ടിട്ടില്ലാത്ത ഏറ്റവും വലിയ വെല്ലുവിളികൾ മുന്നോട്ടുവയ്ക്കുന്ന അതേസമയത്തുതന്നെയാണ് ലിബറലിസത്തിന്റെ വിശ്വസനീയത നഷ്ടമായിക്കൊണ്ടിരിക്കുന്നത്. വിവരസാങ്കേതികതയുടെയും ജൈവസാങ്കേതികതയുടെയും ലയനം കോടിക്കണക്കിനാളുകളെ തൊഴിൽവിപണയിൽനിന്ന് അടുത്തുതന്നെ പുറന്തള്ളുകയും സ്വാതന്ത്ര്യത്തെയും സമത്വത്തെയും ദുർബ്ബലമാക്കുകയും ചെയ്തേക്കാം. ബിഗ് ഡാറ്റയുടെ അൽഗോരിതങ്ങൾ ഒരു ചെറിയ കൂട്ടം വരേണ്യരുടെ കൈകളിൽ എല്ലാ അധികാരവും കുമിഞ്ഞുകൂടുന്നതിന് വഴിയൊരുക്കുന്നതും, മിക്ക ആളുകളും ചൂഷണത്തെക്കാൾ മോശമായ "അപ്രസക്തത"യാൽ കഷ്ടപ്പെടുകയും ചെയ്യുന്ന ഡിജിറ്റൽ സ്വേച്ഛാധിപത്യങ്ങൾ സൃഷ്ടിച്ചേക്കാം.

'ഹോമോ ദിയൂസ്' എന്ന എന്റെ കഴിഞ്ഞ പുസ്തകത്തിൽ വിവരസാങ്കേതികതയുടെയും ജൈവസാങ്കേതികതയുടെയും ലയനത്തെക്കുറിച്ച് ഞാൻ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ആ പുസ്തകം നൂറ്റാണ്ടുകളുടെയും സഹസ്രാബ്ദങ്ങളുടെയും വീക്ഷണകോണിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടുകളെയാണ് കേന്ദ്രീകരിച്ചിരിക്കുന്നതെങ്കിൽ, ഈ പുസ്തകം ശ്രദ്ധചെലുത്തിയിരിക്കുന്നത് ഇപ്പോൾ നിലനില്ക്കുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധികളിലാണ്. സ്വാഭാവികമായും ഉണ്ടായേക്കാവുന്ന അജൈവമായ ജീവനുകളുടെ സൃഷ്ടിയെക്കാൾ ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ക്ഷേമരാഷ്ട്രങ്ങൾ, പ്രത്യേകിച്ച് യൂറോപ്യൻ യൂണിയൻപോലെയുള്ള സ്ഥാപനങ്ങൾ, നേരിടുന്ന ഭീഷണിയിലാണ്. പുതിയ സാങ്കേതികവിദ്യകളുടെ എല്ലാ ആഘാതങ്ങളെയും ഉൾക്കൊള്ളിക്കാൻ ഈ പുസ്തകം ശ്രമിക്കുന്നില്ല. പ്രത്യേകിച്ച്, സാങ്കേതികവിദ്യ ഒരുപാട് വിസ്മയകരമായ വാഗ്ദാനങ്ങൾ നല്കുന്നുണ്ടെന്ന കാര്യം പരിഗണിച്ചുകൊണ്ടുതന്നെ, അതുയർത്തുന്ന മുഖ്യമായ ഭീഷണികളും അപകടങ്ങളും എടുത്തുകാട്ടാനാണ് . സാങ്കേതികവിപ്ലവങ്ങൾക്ക് വഴിതെളിച്ച വൻകമ്പനികളും സംരംഭകരും സ്വാഭാവികമായും അവരുടെ സൃഷ്ടികളുടെ അപദാനങ്ങൾ പാടുമ്പോൾ, ഏതെല്ലാം തരത്തിൽ കാര്യങ്ങൾ അപകടകരമാംവിധം കുഴപ്പത്തിലാവാമെന്ന് വിശദീകരിക്കുകയും അപായമണി മുഴക്കുകയും ചെയ്യേണ്ടത് സാമൂഹ്യശാസ്ത്രജ്ഞരുടെയും ചിന്തകരുടെയും എന്നെപ്പോലെയുള്ള ചരിത്രകാരന്മാരുടെയും ഉത്തരവാദിത്വമായി മാറുന്നു.

നമ്മൾ നേരിടുന്ന വെല്ലുവിളികൾ അടയാളപ്പെടുത്തിയതിനുശേഷം, പുസ്തകത്തിന്റെ രണ്ടാംഭാഗത്തിൽ നമ്മൾ പരിശോധിക്കുന്നത്

സാധ്യമായ ഒട്ടനവധി പ്രതിവിധികളാണ്. ഫേസ്ബുക്കിന്റെ എൻജിനീയർമാർക്ക് കൃത്രിമബുദ്ധി ഉപയോഗിച്ച് മനുഷ്യരുടെ സ്വാതന്ത്ര്യവും സമത്വവും സംരക്ഷിക്കാൻ കഴിയുന്ന ആഗോളസമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുമോ? ഒരുപക്ഷേ, പരിഹാരമെന്നത് ആഗോളവൽക്കരണപ്രക്രിയയെ എതിർദിശയിലേക്ക് നയിക്കുകയും ദേശരാഷ്ട്രങ്ങളെ ശക്തിപ്പെടുത്തുകയുമാണോ? അതോ, നമ്മൾ വീണ്ടും പുറകിലേക്ക് പോവുകയും പുരാതനമായ മതപാരമ്പര്യങ്ങളുടെ നീരുറവകളിൽ നിന്ന് പ്രതീക്ഷയും ജ്ഞാനവും കൈവരിക്കുകയും ചെയ്യണോ?

മുമ്പുണ്ടായിട്ടില്ലാത്ത രീതിയിൽ സാങ്കേതികവെല്ലുവിളികൾ ഉയർന്നുവരികയും രാഷ്ട്രീയപരമായ അഭിപ്രായവ്യത്യാസങ്ങൾ മൂർച്ഛിക്കുകയും ചെയ്യുന്നുണ്ടെങ്കിലും നമ്മുടെ ഭയത്തെ നിയന്ത്രണവിധേയമാക്കുകയും നമ്മുടെ കാഴ്ചപ്പാടുകളെ സംബന്ധിച്ച് അല്പംകൂടി വിനയാന്വിതരാവുകയും ചെയ്താൽ മനുഷ്യവംശത്തിന് അവസരത്തിനൊത്ത് ഉയരാൻ സാധിക്കുമെന്നാണ് പുസ്തകത്തിന്റെ മൂന്നാം ഭാഗത്തിൽ നമ്മൾ കാണുന്നത്. ഭീകരവാദത്തിന്റെ ഭീഷണികൾ, ലോകയുദ്ധത്തിന്റെ അപകടങ്ങൾ, ഇത്തരം സംഘർഷങ്ങളിലേക്ക് നയിക്കുന്ന മുൻവിധികൾ, വിദ്വേഷങ്ങൾ എന്നിവയെക്കുറിച്ചും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളുമാണ് ഈ ഭാഗം ചർച്ച ചെയ്യുന്നത്.

നാലാമത്തെ ഭാഗം സത്യാനന്തരം എന്ന ധാരണയുമായി ഇടപെടുകയും ആഗോളവികസനത്തെക്കുറിച്ച് ഏതളവിൽ നമുക്ക് ഇപ്പോഴും മനസ്സിലാക്കാൻ കഴിയുന്നുണ്ടെന്നും അനീതിയും നീതിയും തമ്മിൽ എത്രമാത്രം തിരിച്ചറിയാൻ കഴിയുന്നുണ്ടെന്നും ചോദിക്കുന്നു. തങ്ങൾ സൃഷ്ടിച്ച ലോകത്തെ മനസ്സിലാക്കാൻ ഹോമോസാപിയൻസ് പ്രാപ്തരാണോ? സങ്കല്പവും യാഥാർഥ്യവും തമ്മിൽ ഇപ്പോഴും വ്യക്തമായ ഒരു അതിർവരമ്പ് നിലനിൽക്കുന്നുണ്ടോ?

അഞ്ചാമത്തെയും അവസാനത്തെയും ഭാഗത്തിൽ ഞാൻ വിവിധങ്ങളായ ചിന്തനങ്ങളെ ഒരുമിച്ചുകൂട്ടുകയും പഴയകഥകൾ തകർന്നടിയുകയും അവയ്ക്കു പകരം പുതിയ കഥകളൊന്നും ഉയർന്നുവരാതിരിക്കുകയും ചെയ്യുന്ന സംഭ്രമജനകമായ കാലഘട്ടത്തിലെ ജീവിതത്തെ പൊതുവായി നോക്കിക്കാണുകയും ചെയ്യുന്നു. നമ്മളാരാണ്? നമ്മൾ ജീവിതത്തിൽ എന്താണ് ചെയ്യേണ്ടത്? നമുക്ക് ഏതൊക്കെ തരത്തിലുള്ള കഴിവുകളാണ് വേണ്ടത്? ശാസ്ത്രത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും മതത്തെക്കുറിച്ചും നമുക്ക് അറിയാവുന്നതും അറിയാത്തതുമായ കാര്യങ്ങൾവച്ചുനോക്കിയാൽ ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് നമുക്കെന്താണ് പറയാൻ സാധിക്കുന്നത്?

ഇത് അങ്ങേയറ്റം അതിമോഹമാണെന്നു തോന്നിയേക്കാം, പക്ഷേ, ഹോമോസാപിയൻസിന് കാത്തിരിക്കാനാവില്ല. തത്ത്വശാസ്ത്രം, മതം, ശാസ്ത്രം തുടങ്ങിയ എല്ലാത്തിനും സമയം അവസാനിച്ചുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് വർഷങ്ങളായി ആളുകൾ ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് സംവദിച്ചുകൊണ്ടിരിക്കുന്നു. ഈ സംവാദം നമുക്ക് അനന്തമായി നീട്ടിക്കൊണ്ടുപോകാനാവില്ല. ആസന്നമായ പാരിസ്ഥിതികപ്രതിസന്ധിയും സമൂലനാശകാരിയായ ആയുധങ്ങളുടെ വളർന്നുവരുന്ന ഭീഷണിയും വിപ്ലവകരമായ പുതിയ സാങ്കേതികവിദ്യകളുടെ ഉയർന്നുവരവും അതിന് സമ്മതിക്കുന്നില്ല. ഒരുപക്ഷേ, ഏറ്റവും പ്രധാനമായി, ജീവനെ വീണ്ടും രൂപപ്പെടുത്താനും പുനർനിർമ്മിക്കാനുമുള്ള കഴിവ് കൃത്രിമബുദ്ധിയും ജൈവസാങ്കേതികവിദ്യയും മനുഷ്യരാശിക്ക് നൽകുന്നുണ്ട്. ഈ കഴിവിനെ എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്ന് ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള സൂചിതമോ സ്പഷ്ടമോ ആയ ഏതെങ്കിലും കഥയെ ആധാരമാക്കി എത്രയും പെട്ടെന്നുതന്നെ ആരെങ്കിലും തീരുമാനമെടുക്കേണ്ടതുണ്ട്. തത്ത്വചിന്തകർ വളരെ ക്ഷമയുള്ള കൂട്ടരാണ്. പക്ഷേ, എൻജിനീയർമാർക്ക് അത്രയും ക്ഷമയില്ല. ഏറ്റവും കുറവ് ക്ഷമയുള്ളവരാകട്ടെ, നിക്ഷേപകരാണ്. ജീവനെ രൂപപ്പെടുത്താനുള്ള കഴിവുപയോഗിച്ച് എന്തുചെയ്യണമെന്ന് നീങ്ങൾക്കറിയില്ലെങ്കിൽ, നിങ്ങൾ ഒരു ഉത്തരവുമായിവരാൻ വിപണിശക്തികൾ ആയിരം വർഷം കാത്തിരിക്കില്ല. വിപണിയുടെ അദൃശ്യമായ കരങ്ങൾ അവരുടേതായ അന്ധമായ ഉത്തരങ്ങൾ നിങ്ങളിൽ അടിച്ചേൽപ്പിക്കും. ജീവിതത്തിന്റെ ഭാവി ത്രൈമാസ ആദായറിപ്പോർട്ടുകളുടെ ദയാവായ്പിനെ വിശ്വസിച്ചേൽപ്പിക്കുന്നതിൽ കുഴപ്പമില്ല എന്നുകരുതുന്ന ആളല്ല നിങ്ങളെങ്കിൽ, ജീവിതമെന്താണ് എന്നതിനെക്കുറിച്ച് നിങ്ങൾക്ക് വ്യക്തമായ ധാരണ ആവശ്യമാണ്.

നമ്മുടെ വംശത്തിന് തിരശ്ശീല വീഴുകയും മറ്റൊരു നാടകം തുടങ്ങുകയും ചെയ്യുന്നതിനുമുമ്പായി ഒരു ഹോമോസാപിയൻ മറ്റൊന്നിനോട് പറയുന്നരീതിയിൽ കുറച്ച് വ്യക്തിപരമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയാണ് അവസാനത്തെ അധ്യായത്തിൽ ഞാൻ ചെയ്യുന്നത്.

ബൗദ്ധികമായ ഈ യാത്രയ്ക്ക് പുറപ്പെടുന്നതിനുമുമ്പ് നിർണ്ണായകമായ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പുസ്തകത്തിലുടനീളം ലിബറൽ ലോകവീക്ഷണത്തിന്റെയും ജനാധിപത്യസംവിധാനങ്ങളുടെയും കുറവുകൾ ഞാൻ ചർച്ചചെയ്യുന്നുണ്ട്. ഞാൻ അങ്ങനെ ചെയ്യുന്നത് ലിബറൽജനാധിപത്യം സവിശേഷമായി പ്രശ്നങ്ങൾ നിറഞ്ഞതായതുകൊണ്ടല്ല. മറിച്ച്, ആധുനികലോകത്തിന്റെ വെല്ലുവിളികളെ നേരിടാൻ മനുഷ്യർ ഇന്നുവരെ വികസിപ്പിച്ചെടുത്തതിൽവച്ച് ഏറ്റവും വിജയകരവും ഏറ്റവും ബഹുമുഖവുമായ രാഷ്ട്രീയമാതൃകയാണ് എന്ന് ഞാൻ വിചാരിക്കുന്നതുകൊണ്ടാണ്. എല്ലാ സമൂഹങ്ങളുടെയും വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും ഉചിതമായിരിക്കില്ലെങ്കിലും, പകരംവയ്ക്കാവുന്ന മറ്റേത് സംവിധാനങ്ങളെക്കാളും കൂടുതൽ സമൂഹങ്ങളിലും കൂടുതൽ സാഹചര്യങ്ങളിലും

അത് തന്റെ മൂല്യം തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് നമുക്കുമുന്നിലുള്ള പുതിയ വെല്ലുവിളികൾ പരിശോധിക്കുമ്പോൾ ലിബറൽജനാധിപത്യത്തിന്റെ പരിമിതികൾ മനസ്സിലാക്കേണ്ടതും അതിന്റെ ഇപ്പോഴുള്ള സ്ഥാപനങ്ങൾ എങ്ങനെ അനുരൂപപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യാമെന്ന് ആരായുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ദൗർഭാഗ്യവശാൽ, ഇന്നത്തെ രാഷ്ട്രീയഅന്തരീക്ഷത്തിൽ ലിബറലിസത്തെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചുമുള്ള ഏതൊരു വിമർശനാത്മകചിന്തയെയും മനുഷ്യവംശത്തിന്റെ മനുഷ്യാഭാവിയെക്കുറിച്ചുള്ള തുറന്ന ചർച്ചകളേക്കാളും ലിബറൽ ജനാധിപത്യത്തെ അപകീർത്തിപ്പെടുത്തുകമാത്രം ലക്ഷ്യമാക്കിയ സ്വേച്ഛാധിപതികളും ലിബറൽവിരുദ്ധപ്രസ്ഥാനങ്ങളും ചേർന്ന് അപഹരിക്കാൻ സാധ്യതയുണ്ട്. ലിബറൽജനാധിപത്യത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് സംവദിക്കാൻ അവർക്ക് സന്തോഷമാണെങ്കിലും തങ്ങളുടെ നേർക്കുള്ള വിമർശനങ്ങൾ അവർക്ക് ഒട്ടും സഹിക്കാൻ കഴിയില്ല.

അതിനാൽത്തന്നെ ഒരു എഴുത്തുകാരൻ എന്നനിലയിൽ എനിക്ക് ദുഷ്കരമായ ഒരു തെരഞ്ഞെടുപ്പ് ആവശ്യമായിവന്നു. ഞാൻ എന്റെ മനസ്സിലുള്ളത് തുറന്നുപറയുകയും എന്റെ വാക്കുകൾ സന്ദർഭത്തിൽ നിന്നടർത്തിയെടുത്തുകൊണ്ട് വളർന്നുവരുന്ന സ്വേച്ഛാധിപത്യങ്ങളെ ന്യായീകരിക്കാനുള്ള സാധ്യത തുറന്നുവയ്ക്കുകയും ചെയ്യണോ? അതോ ഞാൻ എന്നെത്തന്നെ സെൻസർ ചെയ്യണോ? ഇത്തരത്തിൽ തങ്ങളുടെ അതിർത്തിക്കുപുറത്തുപോലും സ്വതന്ത്രമായ അഭിപ്രായം പറയുന്നത് പ്രയാസമേറിയതാക്കുന്നത് ലിബറൽവിരുദ്ധഭരണകൂടങ്ങളുടെ അടയാളമാണ്. അത്തരം ഭരണകൂടങ്ങളുടെ വ്യാപനം നമ്മുടെ വംശത്തിന്റെ ഭാവിയെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുന്നത് കൂടുതൽ അപകടകരമാക്കുന്നു.

ആഴത്തിലുള്ള ആത്മവിശകലനത്തിനുശേഷം സ്വയം സെൻസർ ചെയ്യുന്നതിനെക്കാൾ സ്വതന്ത്രമായി ചർച്ചചെയ്യുക എന്നതാണ് ഞാൻ തെരഞ്ഞെടുത്തത്. ലിബറൽ മാതൃകയെ വിമർശിക്കാതെ, അതിന്റെ കുഴപ്പങ്ങൾ പരിഹരിക്കാനോ, അതിനുമപ്പുറത്തേക്ക് സഞ്ചരിക്കാനോ നമുക്ക് കഴിയില്ല. പക്ഷേ, ശ്രദ്ധിക്കേണ്ട കാര്യം, ആപേക്ഷികമായെങ്കിലും ആളുകൾക്ക് സ്വതന്ത്രമായി ചിന്തിക്കാനും അവർ ആഗ്രഹിക്കുന്നതുപോലെ പ്രകടിപ്പിക്കാനും കഴിയുമ്പോൾ മാത്രമാണ് ഈ പുസ്തകം എഴുതാൻ കഴിയുമായിരുന്നുള്ളൂ എന്നുള്ളതാണ്. നിങ്ങൾ ഈ പുസ്തകത്തിന് വിലകല്പിച്ചാൽ, അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തിനും നിങ്ങൾ വിലകല്പിച്ചേ മതിയാവൂ.

## ഉള്ളടക്കം


*ഭാഗം ഒന്ന്:* **സാങ്കേതിക വെല്ലുവിളികൾ**

മോഹഭംഗം 23
തൊഴിൽ 42
സ്വാതന്ത്ര്യം 71
സമത്വം 106

*ഭാഗം രണ്ട്:* **രാഷ്ട്രീയ വെല്ലുവിളി**

സമൂഹം 119
സംസ്കാരം 128
ദേശീയത 148
മതം 168
കുടിയേറ്റം 182

*ഭാഗം മൂന്ന്:* **നിരാശയും പ്രതീക്ഷയും**

ഭീകരവാദം 205
യുദ്ധം 219
വിനയം 231
ദൈവം 249
മതനിരപേക്ഷത 257

*ഭാഗം നാല്:* **സത്യം**

അജ്ഞത 273
നീതി 280
സത്യാനന്തരം 289
ശാസ്ത്രസാഹിത്യം 306

*ഭാഗം അഞ്ച്:* **വിടുതൽ**

വിദ്യാഭ്യാസം 321
അർത്ഥം 333

ധ്യാനം 381

കൃതജ്ഞത 393
കുറിപ്പുകൾ 395
പദസൂചി 423

# 21-ാം നൂറ്റാണ്ടിലേക്ക് 21 പാഠങ്ങൾ

# പദസൂചി


അഡോൾഫ് ഹിറ്റ്ലർ 31, 99, 364
അബു ബക്കർ അൽ-ബാഗ്ദാദി 134
അഭയാർത്ഥിപ്രശ്നം 183–188
അശോകചക്രവർത്തി 243
അസാദ് ഭരണകൂടം 286
അൽ-ഖായിദ 216
ആംഗല മെർക്കൽ 133
ആയത്തുള്ള ഖുമൈനി 171
ആൾഡസ് ഹക്സ്‌ലി 313, 314, 317
ഇന്ത്യ 24, 66, 109, 137, 152, 243, 323, 329, 353, 354
ഇൻസൈഡ് ഔട്ട് 311–313
ഇൻസ്റ്റാഗ്രാം 372
ഇറാഖ് 25
ഇറാൻ-ഇറാഖ് യുദ്ധം 221
ഇസ്രായേൽ 70, 222
ഇസ്‌ലാംമതം 168, 172, 174–176, 231, 235, 237, 243, 257, 258, 263, 355, 356
ഇസ്‌ലാമിക് സ്റ്റേറ്റ് 129, 133, 134, 138, 143, 252, 364, 365
ഉക്രൈൻ 289
ഏണസ്റ്റോ ചെ ഗുവേര 31, 174
കൺഫ്യൂഷ്യസ്സനിസം 352
കമ്മ്യൂണിസം 23, 31, 61, 64, 107, 175, 226, 337
കിം ജോംഗ് ഉൻ 96
കുടിയേറ്റം 183–192, 196
കേംബ്രിഡ്ജ് അനാലിറ്റിക്ക 120
ക്രിമിയ 222, 223, 226
ക്രിസ്തുമതം 168, 172–176, 234–237, 241, 243, 244, 251, 257, 258, 263, 269, 293, 294, 348–350, 362
ക്രിസ്ത്യാനികൾ 131
കൗൺസിൽഫോർ റിലീജിയൺ ആൻഡ് ഹോമോസെക്ഷ്വൽ 253
ഖുറാൻ 336
ഗൂഗിൾ 56, 68, 83–85, 111, 112
ഗൾഫ് യുദ്ധം 221
ചൈന 25, 109, 152, 216, 227, 322
ജോസഫ് സ്റ്റാലിൻ 265, 267, 268
ജോർജ് ഡബ്ല്യു ബുഷ് 24, 215, 224
ടെസ്‌ല 91, 92
ടോണി ബ്ലെയർ 215
ഡേവിഡ് കാമറൂൺ 72, 73
ഡൊണാൾഡ് ട്രംപ് 26, 29, 30, 33, 36, 152, 197, 292
തെരേസ മേ 152
ദി ലയൺ കിംഗ് 334, 335
ദൈവവിശ്വാസം 249–253, 256
നരേന്ദ്ര മോദി 152, 228
നെറ്റ്ഫ്ലിക്സ് 85
ഫാസിസം 23, 31
ഫേസ്ബുക്ക് 52, 111, 119–122, 125–127, 292, 371
ബഞ്ചമിൻ നെതന്യാഹു 278
ബരാക് ഒബാമ 24, 38, 134, 215
ബിഗ് ഡാറ്റ 49, 74, 76, 77, 82, 83, 96, 101, 105
ബിറ്റ്കോയിൻ 27
ബിൽ ക്ലിന്റൻ 224
ബിൽ ക്ലിന്റൻ 24
ബുദ്ധമതം 234, 235, 237, 374, 376, 377
ബൃഹദാരണ്യകോപനിഷത്ത് 373
ബെഞ്ചമിൻ നെതന്യാഹു 222, 228
ബോറിസ് ജോൺസൻ 73
ബ്രസീൽ 24
ബ്രെക്സിറ്റ് 26, 30, 33, 72, 135

ബ്ലോക്ക് ചെയിൻ 27
ഭഗവദ്ഗീത 334
ഭീകരവാദം 205–215
മഹാത്മാഗാന്ധി 173
മഹാഭാരതം 231
മാർക്സിസം 265, 269
മാർക്ക് സുക്കർബർഗ് 114, 115, 119–125
മുസ്സോളിനി 363
മുസ്ലിങ്ങൾ 131
യഹൂദമതം 172, 174, 176, 233–237, 240–242, 245, 246, 251, 263, 358, 359
യഹൂദർ 131–133
യൂറോപ്യൻ യൂണിയൻ 135, 153, 165, 181, 226
റഷ്യ 35, 216, 222–226, 289, 290, 323
റിച്ചാർഡ് ഡോക്കിൻസ് 72
റോബോട്ടിക്സ് 55
ലയൺ കിംഗ് 341
ലിബിയ 25
ലൈംഗികത 260, 261, 307, 370, 371
വാൾട്ട് ഡിസ്നി പിക്ചേഴ്സ് 311
വിപാസനാധ്യാനം 382, 384–386, 389, 390
വിയറ്റ്നാം യുദ്ധം 221
വ്യാജവാർത്ത 292, 294–299, 301–304
വ്ലാദിമിർ പുടിൻ 33, 35, 37, 114, 152, 224, 225, 289, 290, 292
ഷിന്റോമതം 178
സദ്ദാം ഹുസൈൻ 229
സയണിസം 291
സയണിസ്റ്റ് പ്രസ്ഥാനം 150
സിഖ്മതം 237
സി ജിൻപിങ് 33
സിറിയൻ ആഭ്യന്തരയുദ്ധം 222
സിറിയൻ യുദ്ധം 286
സർവ്വേപ്പള്ളി രാധാകൃഷ്ണൻ 353
ഹമാസ് 222
ഹിന്ദുമതം 168, 172, 175, 176, 237, 242, 251, 263, 350, 353
ഹിലാരി ക്ലിന്റൻ 28

ഇസ്ലാംമതം 234